മനസ്സറിഞ്ഞ്, മനമിളക്കി മുഖ്യമന്ത്രി

കൊച്ചി കാക്കനാട് കലക്ടറേറ്റ് വളപ്പിൽ നടന്ന ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. എംഎൽഎമാരായ ടി.യു. കുരുവിള, വി.പി. സജീന്ദ്രൻ, ജോസഫ് വാഴയ്ക്കൻ, കെ.പി. ധനപാലൻ എംപി, ബെന്നി ബഹനാൻ എംഎൽഎ, പി.ടി. തോമസ് എംപി, മന്ത്രി കെ. ബാബു, മേയർ ടോണി ചമ്മണി, എംഎൽഎമാരായ ഹൈബി ഈഡൻ, ലൂഡി ലൂയിസ്, ജോസ് തെറ്റയിൽ, അൻവർ സാദത്ത് എന്നിവർ സമീപം.

ജന്മനാ ഒരു കാലിന്റെ വളർച്ച മുരടിച്ച മകൾ പവിത്രയുമായി എത്തിയ അമ്മ വിജില തന്റെ ഊഴത്തിനായി കാത്തുനിൽക്കുന്നു.

'പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാവരും ഒറ്റക്കെട്ട്'

കാക്കനാട്: ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു എന്നതാണു ജനസമ്പർക്ക പരിപാടി നൽകുന്ന സന്ദേശമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ വിഭാഗങ്ങളുടെയും സഹകരണം ജനസമ്പർക്ക പരിപാടിക്കു ലഭിക്കുന്നുണ്ട്. ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാംമറന്നു സഹകരിക്കുന്നു. ഈ അന്തരീക്ഷം നിലനിർത്തണം. ജനസമ്പർക്ക പരിപാടിക്കു പണം ചെലവഴിക്കുന്നതു ചട്ടം ലംഘിച്ചാണെന്നു ധനവകുപ്പ് ചൂണ്ടിക്കാണിച്ചെങ്കിൽ അതു പരിശോധിക്കും. ഉദ്യോഗസ്ഥർ ചട്ടം ലംഘിച്ചെങ്കിൽ അതു ചൂണ്ടിക്കാണിക്കണം. തെറ്റും പോരായ്മയും ചൂണ്ടിക്കാണിക്കുകതന്നെ വേണം.

ഇതു സംബന്ധിച്ച് അടുത്ത മന്ത്രിസഭാ യോഗം ചർച്ച ചെയ്യും.

ചട്ടപ്രകാരം എപിഎൽ കുടുംബങ്ങൾക്ക് ചികിത്സാ സഹായം നൽകാൻ പറ്റില്ല. പക്ഷേ, കേരളത്തിൽ ബിപിഎൽ കുടുംബങ്ങളുടെ എണ്ണത്തിലെ പരിധി കഴിഞ്ഞു. ഇനി കൊടുക്കുന്നവർക്കെല്ലാം എപിഎൽ കാർഡു മാത്രമേ കൊടുക്കാനാവൂ. പക്ഷേ, ഇതിന്റെ പേരിൽ ചികിത്സാ സഹായം നിഷേധിക്കാനും കഴിയില്ല. ഇങ്ങനെ പറയാൻ മനസ്സ് അനുവദിക്കില്ല. സാങ്കേതികത്വം പറഞ്ഞ് ഒഴിവാക്കാൻ കഴിയില്ല. 100 പേർക്ക് സഹായം നൽകുമ്പോൾ ഒന്നോ രണ്ടോ പേരുടെ കാര്യത്തിൽ തെറ്റുവരാം. ഇതു പറഞ്ഞു മുഴുവൻ പേർക്കും സഹായം നിഷേധിക്കുന്നതു ശരിയല്ല. വീഴ്ച ഉണ്ടായാൽ തിരുത്താൻ മടിയില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ബെന്നി ബഹനാൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്രമന്ത്രി കെ.വി. തോമസ്, ജോസ് തെറ്റയിൽ എംഎൽഎ എന്നിവർ പ്രസംഗിച്ചു. മന്ത്രിമാരായ കെ. ബാബു, വി.കെ. ഇബ്രാഹിംകുഞ്ഞ്, മേയർ ടോണി ചമ്മണി, എംപിമാരായ കെ.പി. ധനപാലൻ, പി.ടി. തോമസ്, ചാൾസ് ഡയസ്, എംഎൽഎമാരായ ഡൊമിനിക് പ്രസന്റേഷൻ, ഹൈബി ഈഡൻ, ടി.യു. കുരുവിള, വി.ഡി. സതീശൻ, സാജുപോൾ, ജോസഫ് വാഴയ്ക്കൻ, വി.പി. സജീന്ദ്രൻ, അൻവർ സാദത്ത്, ലൂഡി ലൂയിസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി, തൃക്കാക്കര നഗരസഭാ ചെയർമാൻ പി.ഐ. മുഹമ്മദാലി, കളമശേരി നഗരസഭാ ചെയർമാൻ ജമാൽ മണക്കാടൻ, ജില്ലാ കലക്ടർ പി.ഐ. ഷെയ്ക്ക് പരീത് എന്നിവർ പങ്കെടുത്തു.

ആദ്യ സഹായം സാന്ദ്രയുടെ കുടുംബത്തിന്

കാക്കനാട്: അനുജനു പിന്നാലെ സ്കൂൾ വാനിൽനിന്ന് ഇറങ്ങുമ്പോൾ കതകിൽ പാവാട കുടുങ്ങി വീണ് മരിച്ച ആറാം ക്ലാസ് വിദ്യാർഥിനി സാന്ദ്രയുടെ കുടുംബത്തിനാണ് ജനസമ്പർക്ക പരിപാടിയുടെ ആദ്യ സഹായം മുഖ്യമന്ത്രി നൽകിയത്. സാന്ദ്രയുടെ പിതാവ് തൃപ്പൂണിത്തുറ കക്കാട് മഠത്തിപറമ്പിൽ സാബു മുഖ്യമന്ത്രിയുടെ കയ്യിൽ നിന്നു സഹായം ഏറ്റുവാങ്ങി. കഴിഞ്ഞ സെപ്റ്റംബർ 23 നാണ് നാടിന്റെ മുഴുവൻ കണ്ണു നയിച്ച സംഭവം ഉണ്ടായത്. പരീക്ഷ കഴിഞ്ഞ് വീടിനു മുൻപിൽ ഇറങ്ങുകയായിരുന്നു സാന്ദ്ര. മൂന്നാം ക്ലാസ് വിദ്യാർഥിയായ സഹോദരൻ ജോയൽ തൊട്ടുമുൻപ് ഇറങ്ങിയിരുന്നു. കുട്ടികൾ വന്നിറങ്ങുന്നതു കാത്ത് മുത്തച്ഛൻ വർക്കിയും ഉണ്ടായിരുന്നു. ഇതിനിടെ, ഡോറിൽനിന്ന് ഉയർന്നുനിന്ന കമ്പിയിൽ സാന്ദ്രയുടെ പാവാട ഉടക്കിയതറിയാതെ വണ്ടി മുൻപോട്ടെടുത്തപ്പോൾ കുട്ടി വീഴുകയായിരുന്നു.

സാന്ദ്ര

കൺമുന്നിലുണ്ടായ അപകടത്തിന്റെ ആഘാതത്തിൽ നിന്നു സാന്ദ്രയുടെ അമ്മ ബിജി ഇപ്പോഴും വിമുക്തയായിട്ടില്ല.

സാന്ദ്രയുടെ പിതാവ് സാബു തൃപ്പൂണിത്തുറയിലെ ഡന്റൽ ക്ലിനിക്കിൽ ജീവനക്കാരനാണ്. ബിജി തൃപ്പൂണിത്തുറ ദേവി ഹോസ്പിറ്റലിൽ നഴ്സാണ്.

നബീസയ്ക്കു മുന്നിൽ പ്രതീക്ഷയുടെ വാതിൽ

കാക്കനാട്: വികലാംഗരായ മൂന്നു മക്കളുമായി ജീവിക്കുന്ന വിധവയായ നബീസയ്ക്കു മുന്നിൽ ജനസമ്പർക്ക പരിപാടിയിലൂടെ പ്രതീക്ഷയുടെ വാതിൽ തുറന്നു.

ആലുവ എടത്തല സെയ്തുക്കുടി വീട്ടിൽ നബീസയ്ക്കാണു പ്രശ്ന പരിഹാരമായത്.

നബീസയുടെ ജൻമനാ വികലാംഗരായ മൂന്നു മക്കളിൽ ഒരാൾക്കു സർക്കാർ വകുപ്പിൽ താൽക്കാലിക ജോലി നൽകാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉത്തരവിട്ടു.

നബീസയ്ക്കു 31ഉം 23ഉം വയസ്സുള്ള രണ്ടു പെൺകുട്ടികളും 28 വയസ്സായ ആൺകുട്ടിയുമാണുള്ളത്. ഇവരിൽ ആർക്കാണ് ജോലി വേണ്ടത് എന്ന കാര്യം ആലോചിച്ചു തീരുമാനിക്കാനുള്ള അവസരവും മുഖ്യമന്ത്രി നൽകി. രണ്ടാമത്തെ കുട്ടിയായ നിസാമാണു ജോലി സ്വീകരിക്കുകയെന്നു നബീസ പറഞ്ഞു.

ചെറുകിട സ്വകാര്യ കമ്പനിയിലെ ജോലിക്കാരനായിരുന്ന നബീസയുടെ ഭർത്താവ് 2001ൽ കാൻസർ രോഗം വന്നു മരിച്ചു. അന്നു മുതലാണ് നസീബയും മക്കളും ഒറ്റപ്പെട്ടത്. മൂത്ത കുട്ടിയായ സജീനയെ പ്രാരാബ്ധങ്ങൾക്കിടയിലും ബി.കോം വരെ പഠിപ്പിച്ചു.

ഉയർന്ന മാർക്കോടെയാണ് സജീന വിദ്യാഭ്യാസം പൂർത്തിയാക്കിയത്. രണ്ടാമത്തെ കുട്ടിയായ നിസാമും ഏറ്റവും ഇളയ കുട്ടിയായ ഹസീനയും 10–ാം ക്ലാസ് വരെ പഠിച്ചു. മൂന്നു പേർക്കും 60% വൈകല്യമുള്ളതായി ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇവർ മൂന്നു പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതു വരെ ജോലിയൊന്നും കിട്ടിയിട്ടില്ലെന്നു നബീസ പറയുന്നു.

ആകെയുണ്ടായിരുന്ന ഭൂമി ബാങ്കിൽ പണയത്തിലാണ്. പശുവിനെ വളർത്തി ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഈ കുടുംബം കഴിഞ്ഞിരുന്നത്. പല ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കും നിവേദനം നൽകിയെങ്കിലും നടപടിയൊന്നും ഉണ്ടായില്ലെന്നു നബീസ പറഞ്ഞു.

ഹൃദയം നിറഞ്ഞ നന്ദിയോടെ പവിത്രയും കുടുംബവും

കാക്കനാട്: വിധിയുടെ വിളയാട്ടത്തിൽ ശരീരാവയവത്തിനു വൈകല്യം സംഭവിച്ച മൂന്നര വയസ്സുകാരി പവിത്രയ്ക്കു മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയിലൂടെ സഹായം അനുവദിച്ചു. ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തു മുഖ്യമന്ത്രിയോടു സങ്കടം പറഞ്ഞു സെക്കൻഡുകൾക്കുള്ളിൽ 10,000 രൂപയുടെ ധനസഹായമാണു പവിത്രയുടെ കുടുംബത്തിനു മുഖ്യമന്ത്രി അനുവദിച്ചത്. അമ്മ വിജിലയൊടൊപ്പമാണു പവിത്ര പരിപാടിയിലെത്തിയത്. പവിത്രയ്ക്കു ജൻമനാ ഇടതു കാലിൽ മൂന്നു വിരലേ ഉള്ളൂ. കാലിന്റെ രൂപത്തിനുമുണ്ട് വ്യത്യാസം. ഒപ്പം അൽപ്പം ബലക്കുറവുണ്ട്. ഇതുമൂലം സാധരണ കുഞ്ഞുങ്ങളെപ്പോലെ നടക്കാൻ പവിത്രയ്ക്കാവില്ല. കൂലിപ്പണിക്കാരനായ പിതാവ് പൊന്നനു ചെലവേറിയ ചികിൽസകൾ നടത്താനുള്ള ശേഷി ഇല്ലെങ്കിലും കിട്ടാവുന്ന സ്ഥലത്തുനിന്നൊക്കെ കടം വാങ്ങിയാണു പവിത്രയുടെ ചികിൽസ നടത്തിയത്. കാലിന്റെ സാധാരണ രൂപം വീണ്ടെടുക്കാൻ ഓപ്പറേഷൻ വേണ്ടി വരുമെന്നാണു ഡോക്ടർമാർ പറയുന്നത്.

കടവന്ത്ര ഗാന്ധി നഗറിലുള്ള ഉയയം കോളനിയിലെ വാടക വീട്ടിലാണു തമിഴ്നാട് സ്വദേശിയായ പൊന്നനും കുടുംബവും കഴിയുന്നത്. മുഖ്യമന്ത്രി അനുവദിച്ച തുക കൊണ്ട് കുട്ടിക്കു നടക്കാൻ കഴിയുന്ന തരത്തിൽ ഷൂ നിർമിച്ചു നൽകാനാണ് ഇവരുടെ തീരുമാനം. കുഞ്ഞു പവിത്ര സാധാരണ കുട്ടികളെപ്പോലെ ഓടി നടക്കുന്നതു കാണാൻ കൊതിച്ചിരിക്കുന്ന പൊന്നനും വിജിലയ്ക്കും മുഖ്യമന്ത്രി നൽകിയ സഹായത്തിനു മനസ്സു നിറഞ്ഞ നന്ദി മാത്രമേ പറയാനുള്ളൂ.

ഷാനി മടങ്ങിയത് സന്തോഷത്തോടെ

കാക്കനാട്: കെട്ടിടത്തിൽ നിന്നു വീണു നട്ടെല്ലിനു ഗുരുതര പരുക്കേറ്റ മൂലമ്പിള്ളി വടശേരി ഷാനി (32) ക്ക് 25,000 രൂപ അടിയന്തര ധനസഹായമായി മുഖ്യമന്ത്രി നൽകി. 10 വർഷം മുമ്പ് കോഴിക്കോട്ട് കെട്ടിട നിർമാണത്തിനിടെ രണ്ടാം നിലയിൽ നിന്നു വീണ ഷാനിയുടെ ജീവിതം അന്നു മുതൽ പരസഹായത്തോടെയാണ്. ലക്ഷക്കണക്കിനു രൂപ ഇതിനകം ചികിൽസയ്ക്കു ചെലവഴിച്ചു. രണ്ടു ശസ്ത്രക്രിയകൾ നടത്തി. എന്നിട്ടും ഷാനിക്കു വീൽച്ചെയറിന്റെ സഹായമില്ലാതെ ജീവിക്കാനാകുന്നില്ല. ഇനി ഒരു ശസ്ത്രക്രിയ കൂടി വേണമെന്നാണു ഡോക്ടർമാർ നിർദേശിക്കുന്നത്. ഇതിനു സഹായം തേടിയാണു ഷാനിയെയും കൊണ്ടു പിതാവ് പീറ്റർ ആംബുലൻസിൽ ജനസമ്പർക്ക പരിപാടിക്കെത്തിയത്. കൂലിവേലക്കാരനായ പിതാവിന്റെയും സ്വകാര്യ ആശുപത്രി ജീവനക്കാരനായ സഹോദരന്റെയും തണലിലാണു ഷാനിയുടെ ജീവിതം. വിവരങ്ങൾ ചോദിച്ചറിഞ്ഞ മുഖ്യമന്ത്രി ഉടൻ 25,000 രൂപ അനുവദിക്കുകയായിരുന്നു. ജനസമ്പർക്ക വേദിയിലെത്താൻ അവശത അനുവദിക്കാത്ത മറ്റു മൂന്നു രോഗികളെയും മുഖ്യമന്ത്രി വേദിയും പന്തലും വിട്ട് ആംബുലൻസുകൾക്ക് അരികിലെത്തി സന്ദർശിച്ചു നഷ്ടപരിഹാരം അനുവദിച്ചു. ആംബുലൻസിലെ സ്ട്രെക്ച്ചറിൽ തലപോലും ഉയർത്താനാകാതെ കിടക്കുകയായിരുന്ന രോഗികളെ ആംബുലൻസിൽ കയറിക്കണ്ട മുഖ്യമന്ത്രി ബന്ധുക്കളിൽ നിന്നു വിവരങ്ങൾ ചോദിച്ചറിഞ്ഞാണ് അർഹമായ ധനസഹായം നൽകിയത്. ജനസമ്പർക്ക പരിപാടിയുടെ ഉദ്ഘാടനം കഴിഞ്ഞ ഉടനെയാണു പന്തലിനു പുറത്തു രോഗികൾ ആംബുലൻസിൽ കാത്തു കിടക്കുന്ന വിവരം എംഎൽഎമാർ മുഖ്യമന്ത്രിയെ അറിയിച്ചത്. ഉടനെ വേദിയിൽ നിന്നിറങ്ങിയ മുഖ്യമന്ത്രി ആംബുലൻസിനടുത്തേക്കു ചെല്ലുകയായിരുന്നു.

ആംബുലൻസിലെത്തിയ ഷാനി പീറ്ററുമായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സംസാരിക്കുന്നു.

വരാപ്പുഴ ഒളനാട് കല്ലുപാലത്തിങ്കൽ മേരി ജോൺ ജനസമ്പർക്ക പരിപാടിക്കിടെ റൂറൽ ജില്ലാ പൊലീസ് മേധാവി ഹർഷിത അത്തലൂരിയോടു മകന്റെ ക്രൂരതകൾ വിവരിക്കുന്നു.

സ്വത്തു തട്ടിയശേഷം അമ്മയെ പുറത്താക്കിയ മകനെതിരെ കേസെടുക്കാൻ നിർദേശം

കാക്കനാട്: സ്വത്തു തട്ടിയെടുത്ത ശേഷം വയോധികയായ മാതാവിനെ രാത്രി വീടിനു പുറത്താക്കി ഗേറ്റ് താഴിട്ടു പൂട്ടിയ മകനെതിരെ കേസ് എടുക്കാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി റൂറൽ ജില്ലാ പൊലീസ് മേധാവി ഹർഷിത അത്തലൂരിക്കു നിർദേശം നൽകി. നഷ്ടപ്പെട്ട ഭൂസ്വത്ത് വീണ്ടെടുത്തു നൽകാൻ എന്തു ചെയ്യാൻ കഴിയുമെന്നു പരിശോധിക്കാൻ ബന്ധപ്പെട്ട വകുപ്പിനോടും ആവശ്യപ്പെട്ടു. വരാപ്പുഴ ഒളനാട് കല്ലുപാലത്തിങ്കൽ പരേതനായ ജോണിന്റെ ഭാര്യ എഴുപത്തിനാലുകാരി മേരിയാണ് മൂത്ത മകനെതിരെ പരാതിയുമായി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് എത്തിയത്. ഭർത്താവിന്റെ മരണശേഷം സ്വത്ത് എല്ലാ മക്കൾക്കും തുല്യമായി ഭാഗം വയ്ക്കാൻ ആഗ്രഹിച്ചെങ്കിലും മൂത്ത മകന്റെ ഇടപെടൽ മൂലം സാധിച്ചില്ലെന്നു മേരി പറഞ്ഞു. തനിക്കും മറ്റു മക്കൾക്കും അവകാശപ്പെട്ട 32 സെന്റ് ഭൂമി, 30 വർഷത്തോളം വിദേശത്തു ജോലി ചെയ്ത് ഉയർന്ന നിലയിൽ എത്തിയ ഈ മകൻ കബളിപ്പിച്ചെടുത്തു. ആ സ്ഥലത്തുണ്ടായിരുന്ന വീട്ടിൽ ഒറ്റയ്ക്കാണ് മേരി താമസിച്ചിരുന്നത്. ഭൂമി എഴുതി വാങ്ങിയ ശേഷം അമ്മയെ താൻ സംരക്ഷിച്ചുകൊള്ളാമെന്നു ധരിപ്പിച്ചു സ്വന്തം വീട്ടിലേക്കു കൊണ്ടുപോയി. മറ്റേ വീട് ഒരാൾക്കു വാടകയ്ക്കു നൽകുകയും ചെയ്തു. കുറച്ചു ദിവസം കഴിഞ്ഞതോടെ മകൻ തന്നോടു ക്രൂരമായി പെരുമാറാൻ തുടങ്ങിയതായി മേരി പറഞ്ഞു. ഒരു ദിവസം രാത്രി, ഇനി സംരക്ഷിക്കാനാവില്ലെന്നു പറഞ്ഞു നിർദയം വീടിനു പുറത്താക്കി ഗേറ്റ് പൂട്ടി. വെളിയിൽ നിന്നു കരഞ്ഞപേക്ഷിച്ചെങ്കിലും അകത്തു കയറ്റാൻ തയാറായില്ല. തുടർന്നു കൂലിപ്പണിക്കാരനായ ഇളയ മകന്റെ വീട്ടിലേക്കു താമസം മാറ്റി. ഈ മകൻ ജോലിക്കിടെ വീണു നട്ടെല്ലിനു പരുക്കേറ്റു കിടപ്പിലാണ് ഇപ്പോൾ. നിത്യവൃത്തിക്കു പോലും വകയില്ലാത്ത അവസ്ഥയിലാണ് മേരി. മരിച്ചുപോയ തന്റെ ഒരു മകളുടെ മൈനറായ പേരക്കുട്ടിക്ക് അവകാശപ്പെട്ട ഭൂമിയും മൂത്ത മകൻ വഞ്ചിച്ചെടുത്തതായി മേരി പറഞ്ഞു. പറവൂർ സിഐ അബ്ദുൽസലാമിനെ സ്ഥലത്തു വിളിച്ചു വരുത്തി മേരിയുടെ സാന്നിധ്യത്തിൽ തന്നെ റൂറൽ എസ്പി അടിയന്തര നടപടിക്ക് ഉത്തരവിട്ടു.

ആംബുലൻസിനടുത്തെത്തി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അൻസാറിനെ സന്ദർശിക്കുന്നു. ജില്ലാ കലക്ടർ പി.ഐ. ഷെയ്ക്ക് പരീത്, അൻവർ സാദത്ത് എംഎൽഎ എന്നിവർ സമീപം.

അൻസാറിന് ആയുഷ്കാല പെൻഷൻ

കാക്കനാട്: ആംബുലൻസിനുള്ളിൽ ചലനമറ്റു കിടന്ന ആ യുവാവിന്റെ മുഖത്തേക്കു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഒന്നേ നോക്കിയുള്ളൂ. ഒരായുസിന്റെ മുഴുവൻ വേദനയും വായിച്ചെടുത്ത പോലെ ഏതാനും ആശ്വാസവാക്കുകൾ. പിന്നെ കാൽ ലക്ഷം രൂപയുടെ അടിയന്തര ധനസഹായം, ആയുഷ്കാല പെൻഷനുള്ള ഉത്തരവും. മകനു മാത്രമല്ല, വർഷങ്ങളായി അവനെ ശുശ്രൂഷിച്ചു വീട്ടിൽ കഴിയുന്ന ഉമ്മയ്ക്കും കിട്ടും പ്രതിമാസം 300 രൂപ വീതം പെൻഷൻ. ആലുവ അശോകപുരം [illegible] ഇടമനപ്പറമ്പിൽ ഫാലിദിന്റെയും പാത്തുവിന്റെയും മകൻ അൻസാറിന്റെ ദൈന്യം കാണാൻ ജനസമ്പർക്ക പരിപാടിക്കിടെ മുഖ്യമന്ത്രി വേദിയിൽ നിന്നിറങ്ങി അൻവർ സാദത്ത് എംഎൽഎയോടൊപ്പം ആംബുലൻസിന്റെ അരികിലേക്കു ചെല്ലുകയായിരുന്നു. എടത്തല കുഞ്ചാട്ടുകര ഗവ. ഹൈസ്കൂളിൽ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് അൻസാറിനെ ദുർവിധി കീഴ്പ്പെടുത്തിയത്.

വഴിയരികിലെ തണൽ മരത്തിൽ കയറി കൂട്ടുകാരോടൊപ്പം കളിക്കുന്നതിനിടെ കഴുത്തുകുത്തി വീണു നട്ടെല്ലിനു ക്ഷതമേറ്റു. 15 വർഷം മുൻപു കൊച്ചിയിലെ ഒരു സ്വകാര്യ ആശുപത്രിയിലെ ചികിൽസയിലുണ്ടായ പിഴവാണ് ഇപ്പോൾ 32 വയസുള്ള അൻസാറിനെ ശയ്യാവലംബിയാക്കിയതെന്നു വീട്ടുകാർ കരുതുന്നു. അടിയന്തര ശസ്ത്രക്രിയ നടത്തുന്നതിനു പകരം അഞ്ചു ദിവസം വേദനയ്ക്കുള്ള ഇൻജക്ഷൻ മാത്രം എടുത്ത് ആശുപത്രിയിൽ കിടത്തി. തുടർന്നു വിദഗ്ധ ചികിൽസക്കായി കോട്ടയത്തും തിരുവനന്തപുരത്തും കൊണ്ടുപോയെങ്കിലും സമയം അതിക്രമിച്ചിരുന്നു. വർഷങ്ങളായി ഒരേ കിടപ്പിൽ കഴിയുന്ന അൻസാറിന് എല്ലാ കാര്യങ്ങൾക്കും പരസഹായം വേണം. നാലാൾ ചേർന്ന് എടുത്തുകൊണ്ടുപോയാണ് കുളിപ്പിക്കുന്നത്. അൻസാറിനു രണ്ടു സഹോദരിമാരുണ്ട്. ഹസീനയും സജീനയും. വിവാഹിതരായ ഇവർ മാറിമാറി വീട്ടിൽ വന്നു പൊന്നാങ്ങളയെ ശുശ്രൂഷിക്കും. ബാപ്പയെയും ഉമ്മയെയുംകൊണ്ടു മാത്രം ഒന്നും നടക്കില്ല. ചെറുപ്പത്തിൽ പോളിയോ പിടിപെട്ട് ഇടതുകാൽ തളർന്നയാളാണ് ഖാലിദ്. വീടിനോടു ചേർന്നു പെട്ടിക്കട നടത്തിയിരുന്ന ഖാലിദ് ഹൃദ്രോഗ ബാധിതനായതോടെ കട നിർത്തി. ഖാലിദിനു പ്രതിമാസം 300 രൂപ വികലാംഗ പെൻഷൻ ലഭിക്കുന്നുണ്ട്. കുറച്ചു കാലമായി ഇതാണ് ഈ മൂന്നംഗ കുടുംബത്തിന്റെ ഏക വരുമാനം.

മകനെയും കുടുംബത്തെയും നഷ്ടപ്പെട്ട വയോധികനു 83–ാം വയസിൽ നഷ്ട പരിഹാരം

കാക്കനാട്: നെട്ടൂർ സ്വദേശി കുഞ്ഞൻബാവ (83) ആംബുലൻസിലെത്തിയത് ആറു വർഷം മുമ്പ് വള്ളം മുങ്ങി മരിച്ച മകനും ഭാര്യയും പേരക്കുട്ടികളുമടക്കം നാലു പേരുടെ ആശ്രിതർക്കു കിട്ടാനുള്ള നഷ്ടപരിഹാരം തേടിയാണ്.

കുഞ്ഞൻബാവയിൽനിന്നു മകന്റെ കുടുംബത്തിന്റെ ദുരന്തകഥകേട്ടറിഞ്ഞമുഖ്യമന്ത്രിഒന്നരലക്ഷം രൂപയുടെ ചെക്ക് അപ്പോൾ തന്നെ കൈമാറി.

ബന്ധുവിന്റെ കല്യാണം കഴിഞ്ഞു മടങ്ങവേ കുണ്ടന്നൂർ പുഴയിലാണു കുഞ്ഞൻബാവയുടെ മകനും ഭാര്യയും പേരക്കുട്ടികളും വള്ളം മുങ്ങി മരിച്ചത്.

അന്ന് അടിയന്തര സഹായ തുക ലഭിച്ചിരുന്നെങ്കിലും പിന്നീട് അധികാരികൾ ശ്രദ്ധിക്കാതിരുന്നതിനെ തുടർന്നാണു മുഖ്യമന്ത്രിക്കു പരാതി നൽകിയത്. റോഡിൽ വീണു പരുക്കേറ്റ കുഞ്ഞൻബാവ നടക്കാൻ പറ്റാത്ത അവസ്ഥയിലായതിനാലാണ് ആംബുലൻസിലെത്തിയത്.

മിനിക്കു താൽക്കാലിക ജോലി

കാക്കനാട്: വാടക ഗുണ്ടകളുടെ വെട്ടേറ്റു ഭർത്താവ് മരിച്ചതിനെ തുടർന്നു പറക്കമുറ്റാത്ത രണ്ടു കുഞ്ഞുങ്ങളും വയോധികയായ മാതാവും അടങ്ങിയ കുടുംബം പോറ്റാൻ വിഷമിച്ചിരുന്ന മിനിക്ക് ആശ്വാസിക്കാം. വാട്ടർ അതോറിറ്റിയുടെ ആലുവ ഓഫിസിൽ ഈ യുവതിക്കു താൽക്കാലിക ജോലി നൽകാൻ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉത്തരവിട്ടു. ഇവരുടെ നിർധന കുടുംബത്തിനു സർക്കാർ നേരത്തെ പ്രഖ്യാപിച്ച ഒരു ലക്ഷം രൂപയുടെ ധനസഹായത്തിനു പുറമെയാണ് ജോലി വാഗ്ദാനം. അൻവർ സാദത്ത് എംഎൽഎയോടൊപ്പം മുഖ്യമന്ത്രിയെ കാണാനെത്തിയ മിനിയുടെ കണ്ണുകൾ വേദിയിൽനിന്നു തിരിച്ചിറങ്ങുമ്പോൾ നിറഞ്ഞിരുന്നു. താൻപ്രതീക്ഷിച്ചതിനേക്കാൾ കൂടുതലാണു മുഖ്യമന്ത്രി നൽകിയതെന്ന് അവർ പറഞ്ഞു. കാഞ്ഞൂർ പഞ്ചായത്ത് ആറാം വാർഡിൽ പുതിയേടം മനയ്ക്കപ്പടി പാലാട്ടി സാബുവിന്റെ ഭാര്യയാണു മിനി. ഒക്ടോബർ 19നു റോഡിൽ സുഹൃത്തുക്കളുമൊത്തു സംസാരിച്ചു നിൽക്കുമ്പോഴാണ് ബൈക്കിൽ വന്ന രണ്ടു ഗുണ്ടകൾ മുപ്പത്താറുകാരനായ സാബുവിനെ വെട്ടിക്കൊലപ്പെടുത്തിയത്. ഒരു ക്രിമിനൽ കേസിൽ സാക്ഷിയായിരുന്ന സാബു ഗുണ്ടകൾക്കെതിരെ കോടതിയിൽ മൊഴി നൽകിയതിലുള്ള വൈരാഗ്യമാണു കൊലയ്ക്കു കാരണം. രണ്ടു വർഷമായി വൃക്ക രോഗത്തിനു ചികിൽസയിലായിരുന്നു സാബു. മിനി കൂലിപ്പണിക്കു പോയാണ് കുടുംബം പുലർത്തിയിരുന്നത്. ചോർന്നൊലിക്കുന്ന കൂരയിലാണു താമസം. പ്രായം തളർത്തിയ അമ്മ ത്രേസ്യ നിത്യരോഗിയാണ്. രണ്ടു കുഞ്ഞുങ്ങളുണ്ട്. സാംസണും സാനിയയും. സാബുവിന്റെ കൊലയാളികളെ പൊലീസ് അറസ്റ്റു ചെയ്തിരുന്നു.

മിനി

കുഞ്ഞു പത്മപ്രിയയ്ക്കു ചികിത്സാ സഹായം

നായയുടെ ആക്രമണത്തിൽ പരുക്കേറ്റ് കാഴ്ച നഷ്ടപ്പെട്ട ചെറായി വടശേരി പത്മപ്രിയയുമായി അച്ഛൻ സുധീർ.

കാക്കനാട്: ചെറായി മേഖലയിൽ ഒട്ടേറെ പേരെ കടിച്ചു പരുക്കേൽപ്പിച്ച ഭ്രാന്തൻനായുടെ ആക്രമണത്തിൽ കണ്ണിനു ഗുരുതര പരുക്കേറ്റ പത്മപ്രിയയെ അത്രവേഗം ആർക്കും മറക്കാനാകില്ല. പത്മപ്രിയയ്ക്കും ജനസമ്പർക്ക പരിപാടിയിലൂടെ മുഖ്യമന്ത്രിയുടെ കൈത്താങ്ങ്. ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത് തന്റെ വിഷമം മുഖ്യമന്ത്രിയോടു പറയാൻ പിതാവ് സുധീറിനൊപ്പമാണ് പത്മപ്രിയ എത്തിയത്.

പരിപാടിക്കിടെ വിതരണം ചെയ്ത ലഘുഭക്ഷണവും കഴിച്ചു പിതാവിനൊപ്പം കാത്തിരുന്ന പത്മപ്രിയയ്ക്കു മുന്നിൽ മൂന്നരയോടെയാണു മുഖ്യമന്ത്രിയെത്തിയത്. പത്മപ്രിയയ്ക്കു സംഭവിച്ച ദുരന്തത്തിന്റെ ആഴം വ്യക്തമാകുന്ന ചിത്രത്തോടെ 'മെട്രോ മനോരമ' പ്രസിദ്ധീകരിച്ച വാർത്തയടങ്ങിയ പത്രം മുഖ്യമന്ത്രിയെ പിതാവ് സുധീർ കാണിച്ചു. ഇതോടൊപ്പം നായ് ആക്രമിക്കുന്നതിനു മുൻപുള്ള പത്മപ്രിയയുടെ ചിത്രവും കാണിച്ചു. മുഖ്യമന്ത്രി ഉടൻ ജില്ലാ കലക്ടറെ വിളിച്ചു തുടർ ചികിൽസയ്ക്കു വേണ്ടിയുള്ള എല്ലാ സഹായങ്ങളും നൽകാൻ നിർദേശിക്കുകയായിരുന്നു. ഒപ്പം ഇതുവരെ നടത്തിയ ചികിൽസയുടെ രേഖകളും മറ്റും വാങ്ങി കലക്ടറെ ഏൽപ്പിച്ചു. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പ്രശ്നം പരിഹരിച്ചു തരാമെന്നു പറഞ്ഞു പത്മപ്രിയയോടു കുശലം പറഞ്ഞാണു മുഖ്യമന്ത്രി അടുത്ത ആളുടെ അടുത്തേക്കു ന